ശ്രീരനാട്ട കേസ്സ്

*നം ക. (ക നു) ശ്രീമതി ദേവകി ഗോപിദാസു്: † താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ശ്രീരനാട്ടകേസ്സിലെ ഓരോ പ്രതിയുടേയും മരണകാര്യത്തെപ്പറ്റി ഗവണ്മെൻറു് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(ബി) ശ്രീരനാട്ടകേസ്സിൽ ഇപ്പോൾ എത്ര പ്രതികൾ ബാക്കിയുണ്ടെന്നു് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ഈ പ്രതികൾ കസ്റ്റഡിയിൽ ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ കേസ്സിൽ ആകെ എത്ര പ്രതികളുണ്ടു്?

ശ്രീ. സി. കേശവൻ: ൧൬.

സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: എത്ര പേർ ആകെ മരിച്ചിട്ടുണ്ടു്?

ശ്രീ. സി. കേശവൻ: ൯ പേർ.

സന്താനനിയന്ത്രണം

*ന ക നു. (ക ൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) സന്താനനിയന്ത്രണം ആവശ്യമാണെന്നു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു് തോന്നിയിട്ടുണ്ടോ;

(ബി) സന്താനനിയന്ത്രണം നടപ്പിലാക്കുന്നതിനു വല്ല പദ്ധതിയും ഗവണ്മെൻറിൻെറ മുമ്പാകെയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ വർദ്ധിച്ചുവരുന്ന നിരക്കിൽ ഉള്ള ജനസംഖ്യാ വർദ്ധിച്ചുവന്നാൽ അടുത്തകാലത്തു് ഭക്ഷ്യക്ഷാമം വളരെ വർദ്ധിക്കുമെന്നറിയാമോ?

ശ്രീ. സി. കേശവൻ: അതു് ഓരോരുത്തരും ആലോചിക്കേണ്ട കാര്യമാണു്. ഗവണ്മെൻറു് ചെയ്യേണ്ട കാര്യമല്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: പല ഗവണ്മെൻറുകളും സന്താനനിയന്ത്രണം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ചില ഗവണ്മെൻറുകൾ അങ്ങനെ ആലോചിക്കുന്നുണ്ടാവാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇൻഡ്യാ ഗവണ്മെൻറു് ആലോചിച്ചുവരുന്നതായി അറിയാമോ?

---

† The Member being absent, this question was put by Sahib Bahadur T. A Moideen Kunju with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: ഇൻഡ്യാ ഗവണ്മെൻറിലെ യോഗ്യന്മാരിൽ പല രും അതിനെപ്പറ്റി അഭിപ്രായം പറഞ്ഞിട്ടുണ്ട്. പക്ഷെ ഗവണ്മെൻറ് ഇതി നെപ്പറ്റി യാതൊന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: മന്ത്രിസഭാംഗങ്ങളിൽ ആരെങ്കിലും ഇതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ആലോചിച്ചിട്ടുണ്ട്.

Sri. A. P. Udayabhanu: Has not the Planning Commission, in its report, envisaged family planning?

Sri. C. Kesavan: I must acknowledge my ignorance of the details of the Planning Commission's Report.

Sri. D. Gnanasigamoni. May I know whether it is not a fact that a resolution to this effect was thrown out in the last session of the Assembly?

Sri. C. Kesavan. Exactly so.

ശ്രീ. പി. സി. ഗോദിച്ചൻ: ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പട്ടിക ജാതിക്കാക്ക് ഫ 0 കൊല്ലത്തേക്ക് ജനസംഖ്യയനുസരിച്ച് റിസർവേഷൻ അനു വദിച്ചിരിക്കുന്ന നിലക്ക് ഈ ഫ 0 കൊല്ലത്തിനകം സന്താനനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് അവക്ക് ദോഷകരമാണെന്നറിയാമോ?

Mr. Speaker. That question is disallowed.

പബ്ലിക്ക് സർവ്വീസിൽ റിസർവ്വേഷൻ

*നമ്പർ 9. (ചോ) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോ ദ്യത്തിന് പബ്ലിക്ക് സർവ്വീസ് വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാന പ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

പബ്ലിക്ക് സർവ്വീസിൽ റിസർവേഷൻ ഉള്ള സമുദായങ്ങൾ ഏവ? അതു് എന്തെല്ലാം തത്വത്തെ അടിസ്ഥാനമാക്കിയാണ് കൊടുത്തുവരുന്നതു്? അതിൽ പട്ടികജാതിക്കാക്കുള്ള പ്രത്യേക പരിഗണനകൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് പബ്ലിക്ക് സർവ്വീസിൽ സാമ്പത്തികപരമായി അവശത അനുഭവിക്കുന്ന സമുദായങ്ങൾക്ക് സംവരണം പൊതുവെ അനുവദനീയമല്ലാത്ത തിനാൽ ഇപ്പോൾ പബ്ലിക്ക് സർവ്വീസിൽ സംവരണം ചെയ്യുന്നില്ല. എങ്കി ലും സമുദായങ്ങൾക്കാണ് സംവരണം ആവശ്യമുള്ളതെന്നും മറ്റും ആലോചി ക്കുന്നതിനായി ഗവണ്മെൻറിൽനിന്നും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതി ന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഈ നിലയെക്കുറിച്ച് ഒരു തീരുമാനം ചെയ്യുന്നതാണ്.

ശ്രീ. സി. സി. പ്രസാദ്: ഷെഡ്യൂൾ കാസ്റ്റിനു് സംവരണം അനുവദിച്ചി ട്ടില്ലേ?

ശ്രീ. സി. കേശവൻ: ഉണ്ട്. എന്നാൽ സംവരണം അനുവദിച്ചിട്ടില്ലാ ത്ത മറ്റു സമുദായക്കാരുടെ കാര്യംകൂടി പരിഗണിച്ച് ഒരു തീരുമാനം ചെയ്യാ മെന്നും അതു പട്ടികജാതിക്കാരുടെ സംവരണാവകാശത്തെ ഹനിക്കാതെതന്നെ ചെയ്യാമെന്നുമാണ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നതു്.

Sri. P. S. Nataraja Pillai: Is recruitment by the Public Service Commission now made purely on the basis of merit or communal representation?

Sri. C. Kesavan: It is now made purely on merit. There is no communal G. O. existing.

LIBRARY ARCHIVES Kerala Legislative Assembly